പൊതുവിദ്യാഭ്യാസ വകുപ്പ്

ക്യു.ഐ.പി(1)/247365/2021/ഡി.ജി.ഇ തീയതി. 24/06/2021

# അയൽപക്ക പഠനകേന്ദ്രം -

# മാർഗ്ഗരേഖ 2021-22

## എന്താണ് അയൽപക്ക പഠനകേന്ദ്രം?

വിദ്യാഭ്യാസം എന്നത് ഒരു സാമൂഹിക പ്രക്രിയയാണ്. കുട്ടിയുടെ മാനസിക ബൗദ്ധിക വികാസത്തോടൊപ്പം വൈകാരിക വികാസവും സാമൂഹിക വികാസവും പരമപ്രധാനമാണ്. ഒരു സമൂഹജീവി ആയതുകൊണ്ടുതന്നെ സാമൂഹികമായ ഇടങ്ങളിൽ വച്ചുമാത്രമേ ശരിയായ പഠനവും മറ്റ് വികാസമേഖലകളുമായി ബന്ധപ്പെട്ട വികസനവും നടക്കൂ. കോവിഡ് മഹാമാരി മൂലം ഏറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത് കുട്ടികളാണ്. കൂട്ടുചേരാനോ, സല്ലപിക്കാനോ, കളിക്കാനോ ഒന്നും കഴിയാത്ത അവസ്ഥയിലാണ് കുട്ടികൾ.

വിക്ടേഴ്സ് ചാനലിലൂടെയുള്ള ക്ലാസ്സുകൾ കാണുന്നതിനും അദ്ധ്യാപകർ നൽകുന്ന തുടർപഠന പ്രക്രിയയിൽ പങ്കെടുക്കുന്നതിനും വീടുകളിൽ സൗകര്യമില്ലാത്ത കുട്ടികൾക്കുള്ള ബദൽ സംവിധാനമാണ് അയൽപക്ക പഠനകേന്ദ്രം. സംസ്ഥാനതലത്തിലും പ്രാദേശികതലങ്ങളിലും കാലാകാലങ്ങളിൽ ബാധകമാകാവുന്ന കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുവേണം അയൽപക്ക പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടത്.

### അയൽപക്ക പഠനകേന്ദ്രങ്ങളെ തെരഞ്ഞെടുക്കുന്നതെങ്ങനെ?

- വായനശാലകൾ
- അംഗൻവാടികൾ
- പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ
- ഊര് വിദ്യാകേന്ദ്രങ്ങൾ
- സാംസ്ക്കാരിക കേന്ദ്രങ്ങൾ
- ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ
- വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്ന സൗകര്യപ്രദമായ കേന്ദ്രങ്ങൾ തുടങ്ങിയവ

### അയൽപക്ക പഠനകേന്ദ്രത്തിലെ അത്യാവശ്യ സൗകര്യങ്ങൾ

- കാറ്റും വെളിച്ചവും കടക്കുന്ന കാലാവസ്ഥയ്ക്കനുസൃതമായ മുറി/ മുറികൾ/ ഹാളുകൾ
- ടെലിവിഷൻ & ഡി.റ്റി.എച്ച്/കേബിൾ സൗകര്യം

- ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ/അനുയോജ്യമായ മറ്റ് ഉപകരണങ്ങൾ & ഇന്റർനെറ്റ് സൗകര്യം
- ബ്ലാക്ക് ബോർഡ്/വൈറ്റ് ബോർഡ് & മാർക്കർ
- വെള്ളം, വെളിച്ചം, ഫാൻ
- ടോയ്‌ലറ്റ് സൗകര്യം
- സാനിറ്റൈസർ

**ഒരു അയൽപക്ക പഠനകേന്ദ്രം എങ്ങനെ നിശ്ചയിക്കാം?**

- ഓരോ സ്കൂളിലും ക്ലാസ്സ് അടിസ്ഥാനത്തിൽ ഡിജിറ്റൽ ക്ലാസ്സുകൾ കാണുന്നതിനും തുടർ പ്രക്രിയയിൽ പങ്കെടുക്കുന്നതിനും വീട്ടിൽ സൗകര്യമില്ലാത്ത കുട്ടികളുടെ കണക്കെടുപ്പും, അതിൽ പഠന കേന്ദ്രം ഉപയോഗപ്പെടുത്തി പഠനോപകരണങ്ങളുടെ ദൗർലഭ്യം പരിഹരിക്കാൻ സാധ്യമായ കുട്ടികളുടെ എണ്ണം കൃത്യതപ്പെടുത്തലുമാണ് ആദ്യം നടത്തേണ്ടത്.
- ഇപ്രകാരമുള്ള കുട്ടികൾ ഉണ്ടെങ്കിൽ അവരെ അയൽപക്ക പഠനകേന്ദ്രങ്ങളിലേക്ക് മാറ്റേണ്ടത് സംബന്ധിച്ച് പി.ഇ.സി./എം.ഇ.സി./കോർപ്പറേഷൻ വിദ്യാഭ്യാസ സമിതിയിൽ ധാരണ ഉണ്ടാക്കണം.
- വാർഡ് തല സമിതികളിൽ പഠന കേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച് സൂക്ഷ്മതല ആസൂത്രണവും നിർവ്വഹണവും കൃത്യതപ്പെടുത്താവുന്നതാണ്.

**പഠനകേന്ദ്രങ്ങളുടെ സംഘാടനം, പഠന പിന്തുണാപ്രവർത്തനങ്ങൾ എങ്ങനെ ഫലപ്രദമാക്കാം?**

- പ്രാദേശികമായി ലഭ്യമായ കെട്ടിടങ്ങൾ പൊതുപഠനകേന്ദ്രമാക്കാം. വൃത്തിയുള്ളതും പഠനാന്തരീക്ഷം നിലനിർത്തുന്നതുമായ കേന്ദ്രങ്ങൾ മാത്രമേ ഇതിനായി തെരഞ്ഞെടുക്കാവൂ.
- ഗ്രന്ഥശാലാ സമിതികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, സാക്ഷരതാ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രാദേശിക ചുമതലക്കാരുമായി ചർച്ച ചെയ്ത് സഹകരണം ഉറപ്പാക്കേണ്ടതാണ്.
- ക്ലാസ്സുകൾ നടന്നുവരവെ കുട്ടികളുടെ അക്കാദമിക പ്രവർത്തനങ്ങൾ പരിശോധിച്ച് നിരന്തരവിലയിരുത്തൽ സാധ്യമാക്കേണ്ടതാണ്.

- ഓരോ പഠനകേന്ദ്രത്തിലും എത്തുന്ന കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ബി.ആർ.സി. തലത്തിൽ ഒരു ഹെൽപ്പ് ഡെസ്ക് രൂപീകരിക്കേണ്ടതാണ്.
- വീടുകളിൽ ഡിജിറ്റൽ സൗകര്യം ഇല്ലാത്തവർക്ക് നടന്നു പോകാവുന്ന ദൂര ത്തായിരിക്കണം പഠനകേന്ദ്രങ്ങൾ.

## പൊതുപഠന കേന്ദ്രങ്ങളിലെ ചുമതല

- ഒരു പഠനകേന്ദ്രത്തിന്റെ ഏകോപന ചുമതല പഠനകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ തൊട്ടടുത്ത സ്കൂളിലെ ഒരു പ്രഥമാദ്ധ്യാപകന് ആയിരിക്കും.
- ചുമതലപ്പെടുത്തേണ്ട പ്രഥമാദ്ധ്യാപകനെയും ദൈനംദിന പിന്തുണാ പ്രവർത്തനങ്ങൾക്കുള്ള അദ്ധ്യാപകരെയും ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ബി.പി.സിയും ചേർന്ന് നിർദ്ദേശിക്കേണ്ടതും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടുകൂടി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ പഠനകേന്ദ്രത്തിന്റെ ചുമതലക്കാരായി നിയമിക്കേണ്ട തുമാണ്.
- അപ്രകാരം നിശ്ചയിക്കുന്ന പ്രഥമാദ്ധ്യാപകന് ഒന്നിൽക്കൂടുതൽ പഠനകേന്ദ്ര ങ്ങളുടെ ചുമതല ലഭിക്കുകയാണെങ്കിൽ മറ്റ് അദ്ധ്യാപകർക്കുകൂടി ചുമതല വീതിച്ച് നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.
- പൊതുപഠന കേന്ദ്രങ്ങളിൽ എത്തുന്ന കുട്ടികൾക്കും ക്രമേണ വീടുകളിലിരുന്നുതന്നെ ക്ലാസുകൾ വീക്ഷിക്കുന്നതിനുള്ള നടപടികൾ സ്കൂൾ തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

## .പഠനകേന്ദ്രത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഓരോ ദിവസവും വരേണ്ട കുട്ടികളുടെ വിവരങ്ങൾ, നടക്കേണ്ട പ്രവർത്തന ങ്ങളുടെ ടൈംടേബിൾ, ചുമതലക്കാരുടെ (അദ്ധ്യാപകർ/എസ്.എസ്.കെ പ്രതിനിധി) വിവരങ്ങൾ എന്നിവ സംബന്ധിച്ച രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കണം
- പൊതുവിദ്യാഭ്യാസ മേഖലയിലെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ/ ഓൺലൈൻ ക്ലാസ്സുകളുടെ പ്രയോജനം ലഭിക്കുന്ന രീതിയിൽ കേന്ദ്രങ്ങൾ ഒരുക്കണം.

- വായനയ്ക്കും, പഠന പ്രവർത്തനങ്ങൾക്കുമായുള്ള സൗകര്യം ഒരുക്കണം.
- കുട്ടികൾക്ക് ലഭിക്കേണ്ട മാനസിക, സാമൂഹ്യ പിന്തുണ നൽകണം.
- ആരോഗ്യ, സുരക്ഷാ കാര്യങ്ങളിൽ സാമൂഹ്യ സഹകരണം ഉറപ്പാക്കണം.
- ഓരോ പഠനകേന്ദ്രങ്ങളിലും നടക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രാദേശിക പ്രാധാന്യത്തോടെ പിന്തുണാപ്രവർത്തനങ്ങൾ, വിലയിരുത്തൽ തുടങ്ങിയവയെപ്പറ്റി ഡയറ്റ് പ്രത്യേകമായ രീതിശാസ്ത്രം വികസിപ്പിച്ച് നൽകേണ്ടതാണ്.
- പഠനകേന്ദ്രങ്ങളിലെ സൗകര്യം ഉറപ്പാക്കുക, ടി വാർഡ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ പൊതുപഠനകേന്ദ്രത്തിൽ ഏതെല്ലാം വിദ്യാലയത്തിൽ നിന്നുള്ള കുട്ടികൾ എത്തുന്നു എന്ന് തിട്ടപ്പെടുത്തുക, ചുമതലപ്പെടുത്തിയ അദ്ധ്യാപകനും നിശ്ചയിക്കപ്പെട്ട കുട്ടികളും കേന്ദ്രത്തിൽ എത്തിയോ എന്നിവ ബി.ആർ.സി തലത്തിൽ പരിശോധിക്കേണ്ടതാണ്.
- ക്ലാസ്സുകൾ നടത്തുന്നത് സംബന്ധിച്ച് ആഴ്ചയിലൊരിക്കൽ റിപ്പോർട്ട് ബി.ആർ.സികളിൽ ഒരുക്കിയിരിക്കുന്ന ഹെൽപ്പ് ഡെസ്ക് ശേഖരിച്ച് ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

**<u>പൊതുപഠനകേന്ദ്രങ്ങളിൽ കുട്ടികളെ നിലനിർത്തുന്നതെങ്ങനെ?</u>**

- ഹാജരാകാത്ത കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ച് ഏത് തരത്തിലുള്ള സഹായങ്ങളാണ് നൽകേണ്ടത് എന്ന് തീരുമാനിക്കണം.
- പൊതുപഠനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ, എസ്.എസ്.കെ. (ബ്ലോക്ക്/ജില്ല), ഡയറ്റ്, കൈറ്റ്, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവിടങ്ങളിൽനിന്നുള്ള ജില്ലാ പ്രതിനിധികൾ ഉൾപ്പെടുന്ന സമിതി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മാരുടെ നേതൃത്വത്തിൽ മോണിറ്റർ ചെയ്യേതാണ്. ഈ സമിതിയുടെ മോണിറ്ററിംഗ് സംബന്ധിച്ച റിപ്പോർട്ട് രണ്ടാഴ്ചയിലൊരിക്കൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

**<u>മലയോര/ഗോത്രവർഗ്ഗ/പിന്നോക്ക മേഖലയിൽ നിന്നും പഠനകേന്ദ്രത്തിൽ എത്താൻ കഴിയാത്ത കുട്ടികളെ എങ്ങനെ എത്തിക്കാം?</u>**

ഗോത്രവർഗ്ഗ പിന്നോക്ക മേഖലയിൽ നടന്നെത്താൻ കഴിയാത്ത കേന്ദ്രങ്ങളിലേയ്ക്ക് കുട്ടികളെ എത്തിക്കാൻ ട്രൈബൽ ഡിപ്പാർട്ട്മെന്റ്,

എസ്.എസ്.കെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചർച്ച ചെയ്ത് സഹായിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. അവിടെയും അദ്ധ്യാപകർക്ക് ചുമതല നൽകണം. കേബിൾ കണക്ഷൻ ലഭ്യമല്ലാത്തിടത്ത് പെൻഡ്രൈവിലോ മറ്റ് സംവിധാനത്തിലോ ക്ലാസ്സുകൾ വീക്ഷിക്കുന്നതിന് സൗകര്യമൊരുക്കണം. സാമ്പത്തിക സഹായത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയോ തൽപ്പര രായവരുടെയോ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിക്കാം.

കോവിഡ് തീർത്ത വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന നയമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്നത്. ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവംമൂലം കുട്ടികൾക്ക് വീടുകളിൽ പഠനം മുടങ്ങരുതെന്ന ലക്ഷ്യത്തോടെയാണ് അയൽപക്ക പഠനകേന്ദ്രം എന്ന ആശയം പൊതുവിദ്യാഭ്യാസവകുപ്പ് മുന്നോട്ടുവയ്ക്കുന്നത്. സാമൂഹ്യ പ്രതിബദ്ധത യ്ക്കായി നടപ്പാക്കുന്ന ഈ പദ്ധതി വിജയിപ്പിക്കാൻ എല്ലാവരുടെയും ക്രിയാത്മക സഹകരണം പ്രതീക്ഷിക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**